# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3030 18.06.2019-ൽ മറുപടിക്ക്

## ഹയർ സെക്കൻഡറി പ്രിൻസിപ്പൽ പ്രൊമോഷൻ അപാകത

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹയർ സെക്കൻഡറിയിലെ ബോട്ടണി,സൂവോളജി തുടങ്ങിയ വിഷയങ്ങളിലെ അദ്ധ്യാപകർക്ക് എച്ച്.എസ്.എസ്.ടി.ജൂനിയർ തസ്തികയിൽ നിന്നും സീനിയർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കാൻ 10 മുതൽ 12 വർഷം വരെ വേണ്ടിവരുന്നുണ്ടെന്നും എന്നാൽ രണ്ടോ മൂന്നോ വർഷം കൊണ്ട് എക്കണോമിക്സ് ഉൾപ്പെടെയുള്ള ചില വിഷയങ്ങളിലെ അദ്ധ്യാപകർക്ക് എച്ച്.എസ്.എസ്.ടി. സീനിയറായി പ്രൊമോഷൻ ലഭിക്കുന്നു എന്നും ഇക്കാരണത്താൽ ബോട്ടണി,സുവോളജി അദ്ധ്യാപകർക്ക് ഹയർസെക്കൻഡറി പ്രിൻസിപ്പൽ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കാതെ വരുന്നുണ്ട് എന്നത് സംബന്ധിച്ച അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഇത് സംബന്ധിച്ച പരാതി ഹയർസെക്കൻഡറി ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അപാകത പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ ; | (എ) ഉം (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രണ്ടു സയൻസ് ബാച്ച് ഉള്ള സ്കൂളിലാണ് എച്ച്.എസ്.എസ്.റ്റി ബോട്ടണി, എച്ച്.എസ്.എസ്.റ്റി സുവോളജി തസ്തികകൾ അനുവദിക്കുന്നത്. ഇക്കാരണത്താൽ മറ്റു വിഷയങ്ങളെ അപേക്ഷിച്ച് ബോട്ടണി, സുവോളജി വിഷയങ്ങൾക്ക് എച്ച്.എസ്.എസ്.റ്റി തസ്തികകൾ കുറവാണ്. പ്രിൻസിപ്പാൾ തസ്തികയിൽ അധ്യാപനം കൂടി ഉൾപ്പെടുത്തുമെന്നതിനാൽ പ്രിൻസിപ്പൽമാരുടെ വിഷയത്തിൽ എച്ച്.എസ്.എസ്.റ്റി തസ്തികയുള്ള സ്കൂളിലേക്ക് മാത്രമേ പ്രിൻസിപ്പൽമാരെ നിയമിക്കാൻ സാധിക്കൂ. കൂടാതെ പ്രിൻസിപ്പൽ നിയമനം നൽകുന്നത് എച്ച്.എസ്.എസ്.റ്റി-യുടെ സീനിയോറിറ്റി അടിസ്ഥാനമാക്കിയാണ് പ്രസ്തുത വിഷയങ്ങളിലെ അധ്യാപകർക്ക്- H.S.S.T യുടെ സീനിയോറിറ്റി താഴെ ആയതിനാലാണ് പ്രിൻസിപ്പൽ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് താമസം നേരിടുന്നത്. |
| (സി) അഞ്ച് വർഷത്തെ സേവനകാലം പൂർത്തിയാക്കുന്ന എച്ച്.എസ്.എസ്.ടി.ജൂനിയർ അധ്യാപകാർക്ക് സീനിയർ അദ്ധ്യാപകരായി പ്രൊമോഷൻ നൽകണമെന്ന് വ്യവസ്ഥയുണ്ടോ;ഉണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എത്ര | (സി) | വ്യവസ്ഥയില്ല. |

| | | | |
|---|---|---|---|
| | പേർക്ക് പ്രൊമോഷൻ നൽകിയെന്ന് വ്യക്തമാക്കാമോ; നല്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വെളിപ്പെടുത്തുമോ; | | |
| (ഡി) | എച്ച്.എസ്.എ.യിൽ നിന്നും എച്ച്.എസ്.എസ്.ടി.യിലേക്ക് തസ്തിക മാറ്റം മുഖേന പ്രൊമോഷൻ ലഭിക്കുമ്പോൾ സാലറി ഫിക്സേഷൻ നൽകേണ്ടതില്ലായെന്ന് ഹയർ സെക്കൻഡറി ഡയറക്ടർ ഉത്തരവിട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ എച്ച്.എസ്.എ.യുടെ സർവീസ് കണക്കാക്കി ഇവർക്ക് ഗ്രേഡ് നല്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; | (ഡി) | ഇല്ല. |
| (ഇ) | 25-10-2018 ൽ പൊതു സ്ഥലംമാറ്റ ഉത്തരവ് ഇറങ്ങിയതിനു ശേഷം ഏതെങ്കിലും സ്കൂളുകളിൽ ഒഴിവുകൾ നിലവിലുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ എന്തുകൊണ്ട് നികത്തുന്നില്ല എന്ന് വ്യക്തമാക്കാമോ; | (ഇ) | ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റ നിയമനത്തിനുമുള്ളവയാണ് 01.01.2016 മുതലുള്ള തസ്തികമാറ്റ നിയമനങ്ങൾ പി.എസ്.സി മുഖേനയാണ് നടത്തുന്നതിന് ഉത്തരവായെങ്കിലും സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തിയെങ്കിൽ മാത്രമെ പി.എസ്.സിയ്ക്ക് തുടർനടപടികൾ സ്വീകരിച്ച് നിയമന ശുപാർശ നൽകാൻ കഴിയൂ. വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. നേരിട്ടുള്ള നിയമനത്തിനുള്ള ഒഴിവുകൾ പി.എസ്.സി-യിൽ നിന്ന് നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നികത്തി വരുന്നുണ്ട്. |
| (എഫ്) | ഹൈസ്കൂൾ-സെക്കണ്ടറി ലയനനടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലങ്കിൽ എന്ന് പൂർത്തീകരിക്കുമെന്നു അറിയിക്കാമോ? | (എഫ്) | സ്കൂളിനെ ഒരു യൂണിറ്റായി കണ്ട് സ്കൂളിലുള്ള എല്ലാ തനിമകളും അതുപോലെ തന്നെ നിലനിർത്തിക്കൊണ്ട് ഗുണപരമായ മാറ്റങ്ങളിലൂടെ അക്കാദമിക മികവ് ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഭരണപരമായ ഒരു നടപടി എന്ന നിലയിൽ ഏകീകരണം നടപ്പാക്കി |

ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളത്. അല്ലാതെ ഏതെങ്കിലും വിഭാഗത്തെ മറ്റൊരു വിഭാഗവുമായി ലയിപ്പിക്കാൻ ഉദ്ദേശിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.